-ാം വർഷം
9
2025
ഡിസംബർ 21
മംഗളവാർത്ത
നാലാം ഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# നന്മ നിറഞ്ഞ മറിയം, നീതി തികഞ്ഞ ജോസഫ്

പുറ 34,1-9, സഖ 2,7-13, വെളി 21,1-7, മത്തായി 1, 18 25

സമാനതകളില്ലാത്ത മനോവേദന അനുഭവിച്ച ജോസഫിനെക്കുറിച്ച് പറഞ്ഞാണ് ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നത്. ദൈവപുത്രന്റെ വരവിനായി ജോസഫ് തരണം ചെയ്ത വേദനയുടെ വഴികൾ അതികഠിനമായിരുന്നു. തന്റേതല്ലാത്ത കുഞ്ഞിന്റെ പിതാവായി അറിയപ്പെടുക.

“വഴിതെറ്റിയവൾ” എന്ന് സമൂഹം വിധിക്കുന്ന സ്ത്രീയുടെ ഭർത്താവ് ആയി മാറുക.... ചതിക്കപ്പെട്ട പുരുഷനാണെന്ന ചിന്താഭാരത്താൽ ശിഷ്ടകാലം കഴിയുക... മാനുഷിക ചിന്തകൾ അവന്റെ എല്ലാ നാഡീവ്യൂഹങ്ങളിലേക്കും കഠിനവേദന കടത്തിവിട്ടു.

കഠിനമായ മനോവേദനയിലും ജോസഫ് എന്ന നീതിമാൻ ദൈവീക ഇടപെടലിന് വഴിമാറി. നിയമം അനുവദിച്ചിരുന്നിട്ടും മറിയത്തെ ഉപേക്ഷിക്കുവാൻ ജോസഫ് തയ്യാറായില്ല. എന്നാൽ നിയമത്തെ സത്യത്തോടും ദൈവത്തോടും ബന്ധിക്കുന്ന നീതിമാൻ മറിയത്തിന്റെ കൂടെ ഉറച്ച് നിന്നു.

## നീതിയും നിയമവും

നിയമം പാലിക്കുന്നുവെന്ന് വിശ്വസിക്കുന്നവരുടെ സമൂഹത്തിൽ, നിയമം ലംഘിക്കുന്ന ഒരു യഹൂദ യുവാവ് എന്ന നിലയിലാണ് ക്രിസ്തുവിനെ യാഥാസ്ഥിതിക സമൂഹം കണ്ടത്. അവർ നിയമത്തെ മുറുകെ പിടിക്കുന്നവരായിരുന്നു. 38 വർഷക്കാലം ബേത്സേഥാ കുളക്കരയിൽ കിടന്ന തളർവാത രോഗിയെ ക്രിസ്തു സുഖപ്പെടുത്തിയപ്പോൾ, നന്മ നിറഞ്ഞ ഒരു ദർശനം യഹൂദ ജനതക്ക് ഇല്ലായിരുന്നു. സാബത്ത് ലംഘിച്ചുവെന്ന നിയമദർശനം മാത്രമാണ് അവരെ നയിച്ചത്. കടം വാങ്ങിയ പണം 3 വർഷത്തിന് ശേഷം തിരികെ ചോദിക്കുവാൻ നിയമം



അഡ്വ. സാലിച്ചൻ മങ്കുഴിക്കരി

അനുവദിക്കുന്നില്ല. തിരികെ കൊടുക്കുവാൻ വാങ്ങിയവനും ബാദ്ധ്യതയില്ല. എന്നാൽ എത്രകാലം കഴിഞ്ഞാലും തിരികെ കൊടുക്കുന്നവനാണ് നീതിമാൻ.

മറിയത്തെ അപമാനിക്കുവാൻ ജോസഫ് ഇഷ്ടപ്പെട്ടില്ല. നീതിമാനായ ജോസഫാണ് മറിയത്തിന്റെ മാനം രക്ഷിച്ചത്. മറ്റുള്ളവർക്ക് അപമാനം ഉണ്ടാകുവാൻ സാധ്യതയുള്ള കാര്യങ്ങളിൽ ദൈവികസ്വരം ശ്രദ്ധിച്ച്, നിശബ്ദത പാലിക്കുന്ന നിമിഷം നമ്മളും ജോസഫിന്റെ പാതയിലാണ്.

നിയമം എപ്പോഴും നീതിക്കു നിർബന്ധിക്കുന്നില്ല. നിയമപ്രകാരമുള്ള നീതി, നിയമപുസ്തകങ്ങളിൽ എഴുതപ്പെട്ട പ്രകാരമുള്ള തെളിവുകൾക്കും നടപടിക്രമങ്ങൾക്കും നിയമവിദഗ്ധരുടെ പ്രാഗത്ഭ്യത്തിനും ഒക്കെ വിധേയമായേക്കാം. നിയമം പാലിച്ചാൽ മതിയെങ്കിൽ എല്ലായ്പോഴും നീതി പാലിക്കണം എന്നു നിർബന്ധമില്ല. എന്നാൽ മനസാക്ഷിയുടെ കോടതിക്കു മുമ്പിൽ നീതി ചെയ്യാൻ സൂത്രപ്പണികളോ ഒഴികഴിവുകളോ ഇല്ല. ശുദ്ധമായ മനസാക്ഷി ഒരിക്കലും ചോദ്യം ചെയ്യാത്തവിധം നീതിയുള്ളവരായിരിക്കുകയാണു പ്രധാനം. മനസാക്ഷിയുടെ മുമ്പിൽ, നീതിയുള്ളവരാകുമ്പോൾ മനുഷ്യരുടെ മുമ്പിൽ അപഹാസ്യരായേക്കാം; സ്വർഗത്തിനു മുമ്പിൽ നീതിയുള്ളവരാകുമ്പോൾ ലോകത്തിനു മുമ്പിൽ വിഡ്ഢികളായേക്കാം. മനുഷ്യരുടെയും ലോകത്തിന്റെയും നീതിയെ അതിശയിക്കാൻ കഴിയുമ്പോഴാണ് നാം യഥാർഥത്തിൽ നീതിയുള്ളവരാകുന്നത്.

## നമ്മോടു കൂടെ, അവനോടു കൂടെ

മനുഷ്യമനസ്സിൽ വിഷാദത്തിന്റേയും നിരാശയുടേയും പെരുക്കങ്ങൾ അതിവേഗം സൃഷ്ടിക്കുന്ന മാറാരോഗമാണ് സംശയം. ജീവിതം മുഴുവൻ പുറമേ ചിരിച്ചും ഉള്ളിൽ കരഞ്ഞും ജീവിക്കേണ്ടിയിരുന്ന സാഹചര്യങ്ങളെ ജോസഫ് അതിജീവിച്ചത് "ശങ്കിക്കേണ്ട' എന്ന ദൈവസ്വരം കേട്ടാണ്. പിന്നെ ജോസഫ് ജാഗ്രതയുള്ളവനായി. എല്ലാ അപകടമേഖലയിൽ നിന്നും ഓടി മാറുവാൻ ജോസഫ് ശക്തനായി.



നമുക്കു തീർപ്പുകൾ തരുന്നതു ദൈവമാണ്. സന്ദേഹിയാണു മനുഷ്യൻ പ്രകൃതത്താൽ തന്നെ. അടുത്തു ചുവടു വയ്ക്കാൻ അമാന്തം തോന്നുമ്പോൾ ദൈവത്തിലേക്കു തിരിയുക. അവന്റെ സ്വരം ശ്രവിക്കുക. അവനിൽ ആശ്രയിക്കുക. മുമ്പോട്ടുള്ള വഴികൾ അവൻ ചൂണ്ടിക്കാട്ടും. വഴികളിൽ അവൻ പ്രകാശമാകും. നിശ്ചയദാർഢ്യത്തോടെ ആ വഴിയേ നമുക്കു പോകാൻ കഴിയും. നമുക്കു വഴികാട്ടാൻ, നമ്മുടെ വഴിയാകാൻ നമ്മുടെ അരികിലേക്ക് ഇറങ്ങി വന്നവനാണു നമ്മുടെ ദൈവം എന്നു മറക്കാതിരിക്കുക.

നമ്മോടുകൂടെ വസിക്കണമെന്ന് ദൈവതീരുമാനം ദൃഢമായിരുന്നു. ഇന്നത്തെ മറ്റ് വായനകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് മനുഷ്യരുടെ കൂടെ വസിക്കുവാൻ ആഗ്രഹിച്ച ദൈവസ് നേഹത്തിന്റെ ആഴം വ്യക്തമാക്കുന്ന പ്രവചന ശബ്ദങ്ങളാണ്. മനുഷ്യന്റെ ബലഹീനതകൾ, തെറ്റുകൾ, കുറ്റങ്ങൾ എല്ലാം പരിഹരിക്കുവാൻ ദൈവം കൂടെ ഉണ്ടാകണമെന്ന മോശയുടെ അപേക്ഷ ദൈവമനസ്സ് അറിഞ്ഞ പ്രവാചക ശബ്ദമാണ്.

സഖറിയായുടെ പുസ്തകത്തിൽ കർത്താവിന്റെ സ്വരം ശ്രവിക്കാം, 'ഞാൻ വന്ന് നിങ്ങളുടെ ഇടയിൽ വസിക്കും.' നമ്മളുടെ കൂടെ വസിക്കുവാൻ ആഗ്രഹിക്കുന്ന ദൈവസ്നേഹത്തിന്റെ നിറവിൽ മണ്ണിലേക്ക് വരുവാനുള്ള സൃഷ്ടാവിന്റെ പദ്ധതി പൂർത്തിയാക്കാൻ, തെരഞ്ഞെടുക്കപ്പെട്ട രണ്ട് സൃഷ്ടികളാണ് നന്മ നിറഞ്ഞ മറിയവും നീതി തികഞ്ഞ ജോസഫും. മനുഷ്യരോടൊപ്പം ആയിരിക്കുവാൻ ആഗ്രഹിക്കുന്ന ദൈവത്തിന്റെ മാറ്റമില്ലാത്ത നിലപാടാണ് വെളിപാട് പുസ്തകത്തിലും നാം അറിയുന്നത്.

ദൈവം നമ്മോടുകൂടെയാണ് എന്നാണ് ഇമ്മാനുവലിന്റെ അർത്ഥം. പക്ഷേ, ദൈവം എന്നോടു കൂടെ എന്നുള്ളതായിരിക്കണം നമ്മുടെ ഓരോരുത്തരുടേയും പേരിന്റെ അർത്ഥം എന്ന് ദൈവം ആഗ്രഹിച്ചു.

ക്രിസ്മസിന്റെ വരവിനായി കാത്തിരിക്കുമ്പോൾ, ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവം എന്നോടുകൂടി ഉണ്ടോ എന്ന ചോദ്യമാണ്. നമ്മുടെ വീടുകളിൽ, തൊഴിൽ മേഖലയിൽ, വിദ്യാലയങ്ങളിൽ, വ്യക്തിബന്ധങ്ങളിൽ, കുടുംബബന്ധങ്ങളിൽ, അയൽപക്ക ബന്ധങ്ങളിൽ ദൈവം നമ്മോടുകൂടി ഉണ്ടോ? നമ്മുടെ ഇടപാടുകളിൽ, നിലപാടുകളിൽ, മനോഭാവത്തിൽ, വഴികളിൽ, പ്രതികരണങ്ങളിൽ ദൈവം എന്നോടുകൂടി ഉണ്ടോ?

അതെ എന്ന് ഉത്തരം നല്കുവാൻ കഴിയുന്ന മാറ്റത്തിന് ദൈവം അനുഗ്രഹിക്കട്ടെ.

*(അഭിഭാഷകനും എഴുത്തുകാരനുമാണു ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com